**SUNDAY** 06/10/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/10/2024

1. കർഷകർക്കായി വിവിധ കാർഷിക യന്ത്രോപകരണങ്ങളിൽ (ട്രാക്ടർ, പവർ ടില്ലർ, ഞാറ് നടീൽ യന്ത്രം, ഗാർഡൻ ടില്ലർ, പുല്ലുവെട്ടി യന്ത്രം, മരം മുറിക്കുന്ന യന്ത്രം. തെങ്ങുകയറ്റ യന്ത്രം) പ്രവൃത്തി പരിചയം നേടുന്നതിനും, അവയുടെ റിപ്പയർ, മെയിൻ്റനൻസ്, ഓപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇത്തരം പരിശീലനത്തിന് താത്പര്യം ഉള്ളവരെ മാത്രം പരിഗണിച്ചുകൊണ്ട് 2024 ഒക്ടോബർ 17 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ബാച്ചിലും 30 പേർ അടങ്ങുന്ന 5 ബാച്ചുകളായി റസിഡൻഷ്യൽ ട്രെയ്നിംഗ് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും, ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്, കേരളത്തിലെ 14 ജില്ലകളിൽ നിന്നും പരിശീലനത്തിന് താത്പര്യമുള്ളവർ 0471-2481763, 9383470315 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിച്ചുവരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ ഫാം അസിസ്റ്റൻ്റ് ഗ്രേഡ് 2 (വെറ്റി) തസ്തികയിലേക്ക് 59 ദിവസം കാലയളവിലേക്ക് ദിവസവേതന നിരക്കിൽ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 2024 ഒക്ടോബർ 10 വൈകുന്നേരം 4 മണിക്ക് മുൻപ്, പ്രൊഫസർ & ഹെഡ്, ഇൻ്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ, കേരള കാർഷിക സർവകലാശാല, നെടുങ്കാട്, കരമന പി. ഒ., തിരുവനന്തപുരം- 695 002 എന്ന വിലാസത്തിലോ, ifsrs@kau.in എന്ന ഇ-മെയിലിലോ

അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471- 2343586 എന്ന ഫോൺ നമ്പറിലേക്ക് ഓഫീസ് സമയങ്ങളിൽ വിളിക്കാവുന്നതാണ്.

3. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (പി.എം.എം.എസ്.വൈ) പദ്ധതി പ്രകാരം ഓരുജല ബയോഫ്ളോക്ക് കുളങ്ങളുടെ നിർമ്മാണ പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 0.1 ഹെക്ടർ (25 സെന്റ്റ്), ബയോഫ്ളോക്ക് കുളം നിർമ്മിച്ച് മത്സ്യം വളർത്തുന്നതിന് 18 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. പദ്ധതി തുകയുടെ 40% രൂപ ഗുണഭോക്താവിന് സബ്സിഡിയായി നൽകും.താത്പര്യമുള്ള അപേക്ഷകർ അതാത് പ്രദേശത്തെ മത്സ്യഭവനുമായി ബന്ധപ്പെടണം.അവസാന തീയതി ഒക്ടോബർ ഏഴ്. ഫോൺ:വൈക്കം മത്സ്യഭവൻ ; 04829-291550, കോട്ടയം മത്സ്യഭവൻ ; 0481 - 2566823, പാലാ മത്സ്യഭവൻ 0482-2299151

4. മത്സ്യഫെഡിന്റെ വെളിയങ്കോട് ചെമ്മീൻ വിത്തുത്പാദന കേന്ദ്രത്തിൽ പത്ത് ലക്ഷം കാര ചെമ്മീൻ വിത്തുകൾ വിപണനത്തിന് തയ്യാറായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2677250, 9526041177, 9526041202.

5. വെള്ളായണി കാർഷിക കോളേജിൽ നിന്നും BV-380 മുട്ട കോഴി കുഞ്ഞുങ്ങൾ ഒന്നിന് 160 രൂപാ നിരക്കിൽ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് നേരിട്ട് വന്ന് പിടകോഴി കുഞ്ഞുങ്ങളെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037166397 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ക്യാമ്പസിൽ സ്റ്റുഡൻസ് ഫിറ്റ്നസ് സെൻറർ കം പവലിയനിൽ ജിം ഇൻസ്ട്രക്ടർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽക്കാലിക നിയമനം നടത്തുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്കു ബന്ധപ്പെട്ട രേഖകൾ സഹിതം 09.10.2024 രാവിലെ 10 മണിക്ക് വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റിൽ വച്ചു നടത്തുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്.

7. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (പി.എം.എം.എസ്.വൈ) പദ്ധതി പ്രകാരം ഓരുജല ബയോഫ്ളോക്ക് കുളങ്ങളുടെ നിർമ്മാണ പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 0.1 ഹെക്ടർ (25 സെന്റ്), ബയോഫ്ളോക്ക് കുളം നിർമ്മിച്ച് മത്സ്യം വളർത്തുന്നതിന് 18 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. പദ്ധതി തുകയുടെ 40% രൂപ ഗുണഭോക്താവിന് സബ്സിഡിയായി നൽകും. താത്പര്യമുള്ള അപേക്ഷകർ അതാത് പ്രദേശത്തെ മത്സ്യഭവനുമായി ബന്ധപ്പെടണം.അവസാന തീയതി ഒക്ടോബർ ഏഴ്. ഫോൺ:വൈക്കം മത്സ്യഭവൻ ; 04829-291550, കോട്ടയം മത്സ്യഭവൻ ; 0481 - 2566823, പാലാ മത്സ്യഭവൻ 0482-2299151

## പരിശീലന പരിപാടി

8. വെള്ളനാട് മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം വാഴ കർഷകർക്ക് വേണ്ടി **വാഴയുടെ സംയോജിത കൃഷി പരിപാലനം** എന്ന വിഷയത്തിൽ 22.10.2024 ന് കാർഷിക രാവിലെ 10 മണിക്ക് പരിശീലനം സംഘടിപ്പിക്കുന്നു.. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 21.10.2024 ന് വൈകിട്ട് 4.00 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത പരിശീലനത്തിൽ വാഴയുടെ സംയോജിത വളപ്രയോഗ രീതികൾ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, വാഴ കൃഷിയിൽ ചെറുകിട കാർഷിക യന്ത്രങ്ങളുടെ ഉപയോഗം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ വാട്സ്ആപ്പ് മുഖേനയോ ഫോണിലൂടെയോ 9447856216 എന്ന നമ്പറിൽ ചെയ്യാവുന്നതാണ്.

9. ക്ഷീരവികസന വകുപ്പിൻറെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 09, 10 തീയതികളിൽ 2 ദിവസത്തെ 'തീറ്റപ്പുൽകൃഷി പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ഒക്ടോബർ 7-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

10. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 14 മുതൽ 18 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in